**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5952** **25-03-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കുളത്ത് കെ.എസ്.ഇ.ബി. ക്ക് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ഇലക്ട്രിക്കൾ ഡിവിഷന്റെ കീഴിലുള്ള മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കൊണ്ടോട്ടി KSEBL ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് 2020 ജൂലായ് മാസം 29 മുതൽ 2024 ജൂൺ 4 വരെ വാടക രഹിതമായും 2024 ജൂൺ 5 മുതൽ Rs.15,000/- പ്രതിമാസ വാടക നിരക്കിൽ കുത്തുബ്സ് മാൻ ഇസ്ലാമിക് സെന്ററിന്റെ ഉടമസ്ഥതിയിലുള്ള മുതവല്ലൂർ ഗ്രാമപഞ്ചാ യത്ത് No. MP14/214A, 214B and 214D എന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ഒരു വ്യക്തി 10 സെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടും ഇതുവരെ കെ.എസ്.ഇ.ബി പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത് ഏറ്റെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ശ്രീ. അബ്ബാസ്.പി എന്നയാൾ 10 സെന്റ് സ്ഥലം സൗജന്യമായി നൽകാ മെന്ന് സമ്മതപത്രം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ സ്ഥലം കെ.എസ്.ഇ.ബി. ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ശ്രീ. അബ്ബാസ്.പി എന്നയാൾ 10 സെന്റ് സ്ഥലം സൗജന്യമായി നൽകാ മെന്ന് സമ്മതപത്രം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ